# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2380 09.12.2014-ലെ മറുപടിക്ക്

## സർക്കാർ സ്റ്റേ ഉത്തരവുകൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ടി.വി. രാജേഷ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. ബി. സത്യൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | ഉപാധികളില്ലാതെ സർക്കാർ സ്റ്റേ ഉത്തരവുകൾ നൽകിയത് സംസ്ഥാനത്തിന് സാമ്പത്തിക പ്രതിസന്ധിയുണ്ടാകുന്നതിന് പ്രധാന കാരണമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല. അനാവശ്യമായ സ്റ്റേ ഉത്തരവുകൾ സർക്കാർ അനുവദിച്ചു നൽകാറില്ല. |
| (ബി) | ഇത്തരത്തിൽ സ്റ്റേകൾ നൽകുന്നതിന് സർക്കാർ എന്തെങ്കിലും മാനദണ്ഡങ്ങൾ പാലിക്കാറുണ്ടോ ; | 11.10.2013 ലെ സ.ഉ. (പി) നം. 515/2013/ധന എന്ന സർക്കാർ ഉത്തരവിന്റെ വ്യവസ്ഥകൾക്കനുസൃതമായാണ് സ്റ്റേയും തവണകളും നൽകുന്നത്. |
| (സി) | സർക്കാർ സ്റ്റേ നൽകിയതു മൂലം എത്ര തുക സമാഹരിക്കാൻ സാധിക്കാതായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | ഇൻസ്റ്റാൾമെന്റ് ഉൾപ്പെടെ ഏകദേശം 308 കോടി രൂപയ്ക്ക് നികുതി വകുപ്പിൽ നിന്നും സ്റ്റേ നൽകിയിട്ടുണ്ട്. |
| (ഡി) | 2014-15 ലെ ബജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള മൊത്തം തുക എത്രയായിരുന്നു; ഇതിനകം എന്തെങ്കിലും തുക പിരിച്ചെടുക്കുകയുണ്ടായോ; വിശദമാക്കാമോ ; | 2014-15 ലെ ബജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള മൊത്തം തുക 32526.96 കോടി രൂപയാണ്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. 19.09.2014 ലെ സ.ഉ. (പി.) നം. 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ